## നെതന്യാഹുവിന്റെ 'മാർഷൽ പ്ലാൻ'

**'അറബ്** ലോകത്തെ ജനാധിപത്യ യത്നങ്ങൾക്ക് ശക്തി പകരാൻ' ഇസ്രയേൽ പ്രധാനമന്ത്രി ബിൻയാമിൻ നെതന്യാഹു അന്താരാഷ്ട്ര ഫണ്ട് സ്വരൂപിക്കുന്നതായി ഹീബ്രു പത്രമായ *മആരിഫ്* റിപ്പോർട്ട് ചെയ്തു. രണ്ടാം ലോക യുദ്ധത്തിന് ശേഷം തകർന്നുപോയ യൂറോപ്പിനെ പുനർനിർമിക്കാൻ അമേരിക്ക മുൻകൈയെടുത്ത് നടപ്പാക്കിയ മാർഷൽ പ്ലാനിന് സമാനമാണിതെന്നാണ് പ്രചാരണം. യഥാർഥത്തിൽ, ഏകാധിപത്യ ഭരണകൂടങ്ങൾ തകർന്നു വീണ അറബ് രാജ്യങ്ങളിൽ ഇസ്‌ലാമികപ്രസ്ഥാനങ്ങൾ ഒരുനിലക്കും അധികാരത്തിൽ വരാതിരിക്കാൻ സയണിസ്റ്റ് ലോബി തയാറാക്കിയ ഒരു ഗൂഢപദ്ധതിയാണിത്. പുറമേക്ക് പറയുന്നത് ജനാധിപത്യവും മനുഷ്യാവകാശങ്ങളും മറ്റും ആണെന്ന് മാത്രം.



▪ *ബിൻയാമിൻ നെതന്യാഹു*

## അറബ് യുവാക്കൾ മുൻപന്തിയിൽ



**ഇന്റർനെറ്റും** സോഷ്യൽ നെറ്റ്‌വർക്കുകളും ഉപയോഗപ്പെടുത്തുന്നതിൽ അറബ് യുവാക്കൾ വളരെ മുൻപന്തിയിലാണെന്ന് പുതിയ സർവേ. അറബ് ലോകത്തെ ജനാധിപത്യ പ്രക്ഷോഭങ്ങൾക്ക് രാസത്വരകമായി വർത്തിക്കാൻ ഇന്റർനെറ്റിന് കഴിഞ്ഞതും അതുകൊണ്ടുതന്നെ. അറബ് യുവാക്കളിൽ എൺപത് ശതമാനവും ഇന്റർനെറ്റ് ഉപയോഗിക്കുന്നുണ്ടെന്നാണ് കണക്ക്. മധ്യപൗരസ്ത്യം, വടക്കനാഫ്രിക്ക എന്നിവിടങ്ങളിലായി 20 മില്യൻ മുതൽ 25 മില്യൻ വരെ യുവാക്കൾ ഇന്റർനെറ്റും വിവിധ സോഷ്യൽ നെറ്റ്‌വർക്കുകളും ഉപയോഗിക്കുന്നുണ്ട്. സോഷ്യൽ നെറ്റ്‌വർക്കുകളിൽ ഫേസ്ബുക്കാണ് ഒന്നാം സ്ഥാനത്ത്; പിന്നെ ടിറ്ററും.

## താടിയും ഹിജാബും അനുവദിക്കാം

**ഐഡന്റിറ്റി** കാർഡിന് അപേക്ഷിക്കുമ്പോൾ പുരുഷന് താടിവെച്ചതോ സ്ത്രീക്ക് ഹിജാബ് ധരിച്ചതോ ആയ ഫോട്ടോകൾ നൽകാമെന്ന് തുനീഷ്യൻ ആഭ്യന്തര മന്ത്രാലയം വ്യക്തമാക്കി. വ്യവസ്ഥകൾ ഉദാരമാക്കുന്നതിന്റെ ഭാഗമാണിത്. തുനീഷ്യൻ വിപ്ലവത്തിന്റെ മൂല്യങ്ങളോടും വ്യക്തിസ്വാതന്ത്ര്യത്തോടുമുള്ള ആദരവിന്റെ ഭാഗമായാണ് ഈ അനുവാദമെന്നും പത്രക്കുറിപ്പിൽ പറയുന്നു.




പുറത്താക്കപ്പെട്ട പ്രസിഡന്റ് 1993-ൽ ഉണ്ടാക്കിയ നിയമപ്രകാരം ഐഡന്റിറ്റി കാർഡിൽ ഹിജാബ് ധരിച്ച ഫോട്ടോ പതിക്കുന്നത് നിരോധിച്ചിരുന്നു. മുടി വെളിയിൽ കാണണമെന്ന് വ്യവസ്ഥയും വെച്ചിരുന്നു. കഴിഞ്ഞ ഫെബ്രുവരി മുതൽ താടി വളർത്തിയ ഫോട്ടോ പതിക്കുന്നതിനുള്ള വിലക്കും എടുത്തു കളഞ്ഞിരുന്നു.

# ശറഫ് ക്യാമ്പ് മാത്രം അടച്ചാൽ പോരാ

**തടവുകാരെ** ക്രൂരമായി പീഡിപ്പിക്കുന്ന ബഗ്ദാദ് നഗരത്തിലെ ഒരു ക്യാമ്പ് അടച്ചുപൂട്ടിയതുകൊണ്ട് കാര്യമില്ലെന്ന് മനുഷ്യാവകാശ സംഘടനയായ ഹ്യൂമൻ റൈറ്റ്സ് വാച്ച്. ഈ പീഡനത്തിന് നേതൃത്വം നൽകുന്നവരെ നീതിന്യായ പീഠത്തിന് മുമ്പിൽ കൊണ്ടുവരാനും കഴിയണം.

ബഗ്ദാദിലെ ഖള്റാഅ് മേഖലയിലുള്ള ശറഫ് ക്യാമ്പ് അടച്ചുപൂട്ടാനുള്ള ഇറാഖി ഗവൺമെന്റിന്റെ തീരുമാനത്തോട് പ്രതികരിക്കുകയായിരുന്നു ഹ്യൂമൻ റൈറ്റ്സ് വാച്ച്. "ശറഫ് അടച്ചുപൂട്ടിയത് നല്ല കാര്യം തന്നെ. എന്നാൽ, ഒരു ക്യാമ്പിലും തടവുകാർ അന്യായമായി പീഡിപ്പിക്കപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുകയാണ് ആദ്യം വേണ്ടത്. ഇതിന് വേണ്ടി സ്വതന്ത്രമായ ഒരു കമ്മിറ്റി രൂപവത്കരിക്കണം. പ്രധാനമന്ത്രി മാലികിയുടെ കീഴിലുള്ള സുരക്ഷാ സമിതി ഇതുപോലെ നിരവധി പീഡനക്യാമ്പുകൾ തുറന്നിട്ടുണ്ട്. അവയെല്ലാം അടച്ചുപൂട്ടണം"- മനുഷ്യാവകാശ സമിതി ആവശ്യപ്പെട്ടു.




▪ ശറഫ് ക്യാമ്പ്